(ബി) ഇതിന്റെ ഭാഗമായി എത്ര മത്സ്യത്തൊഴിലാളികൾക്ക് ഇതേവരെ വീട് നിർമ്മിച്ചു നൽകിവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) മത്സ്യത്തൊഴിലാളികൾക്ക് വീടു നിർമ്മിച്ചു നൽകുന്നതിന് ഹഡ്കോയിൽ നിന്നോ മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നോ ധനസഹായം ലഭിച്ചിട്ടുണ്ടോ;

(ഡി) ലോകബാങ്കിൽ നിന്നും ധനസഹായം ലഭിക്കുന്നതിനുവേണ്ടി എന്തെങ്കിലും പ്രോജക്ട് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(ഇ) കേന്ദ്ര ഗവൺമെന്റിൽ നിന്നും എന്തെങ്കിലും ധനസഹായം ലഭിച്ചിട്ടുണ്ടോ;

(എഫ്) 2001 വർഷത്തിൽ എല്ലാ മത്സ്യത്തൊഴിലാളികൾക്കും വീട് നിർമ്മിച്ചുനൽകുന്നതിനുള്ള വിശദമായ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ?

ഉത്തരം

(എ) വ്യക്തമാക്കാം.

ഫിഷറീസ് വകുപ്പ് മുഖേന താഴെപ്പറയുന്ന രണ്ടു മത്സ്യത്തൊഴിലാളി ഭവന നിർമ്മാണ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

1. ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധിയുടെ ധനസഹായത്തോടെയുള്ള ഭവന നിർമ്മാണ പദ്ധതി.

2. പത്താം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരമുള്ള ഭവന നിർമ്മാണ പദ്ധതി (ബറ്റർ ഹൗസിംഗ് സ്കീം).

(ബി) ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമ നിധിയുടെ ധനസഹായത്തോടെയുള്ള ഭവന നിർമ്മാണ പദ്ധതി പ്രകാരം നാളിതുവരെ 9132 വീടുകളുടെ നിർമ്മാണത്തിനായി ധനസഹായം അനുവദിച്ചതിൽ 5641 വീടുകളുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. പത്താം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരമുള്ള ഭവന നിർമ്മാണ പദ്ധതി പ്രകാരം 6854 വീടുകളുടെ നിർമ്മാണത്തിനായി ധനസഹായം അനുവദിച്ചതിൽ 4018 വീടുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്.

(സി) 1996-97 വരെ, ഹഡ്കോയുടെ ധനസഹായത്തോടെ മത്സ്യ ഫെഡ് മുഖേന മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കി വന്നിരുന്നു. സബ്സിഡി നിരക്ക് കുറവായതിനാലും ഗുണഭോക്താക്കളെ ലഭിക്കാതിരുന്നതിനാലും പദ്ധതി ഇപ്പോൾ നടപ്പിലാക്കുന്നില്ല.

(ഡി) ഇല്ല.

(ഇ) ഉണ്ട്.

(എഫ്) മത്സ്യത്തൊഴിലാളി ഭവന നിർമ്മാണ പദ്ധതിക്ക് കേന്ദ്ര സർക്കാരിൽ നിന്നും ധനസഹായം ലഭ്യമാക്കുന്നതിന് ശുപാർശ ചെയ്യുന്നതിലേക്കായി വിശദമായ ഒരു പദ്ധതി പതിനൊന്നാം ധനകാര്യ കമ്മീഷന് സമർപ്പിച്ചിട്ടുണ്ട്,

5 (435) കൊയിലാണ്ടിയിൽ ഫിഷിംഗ് ഹാർബർ

ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) കൊയിലാണ്ടിയിൽ ഫിഷിംഗ് ഹാർബർ സ്ഥാപിക്കുന്നതിന്റെ മുന്നോടിയായി പ്രസ്തുത സ്ഥലത്ത് സർവ്വേ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) സർവ്വേയ്ക്കുവേണ്ടി ഹാർബർ ചീഫ് എൻജിനീയർ എത്ര തുകയാണ് സർക്കാരിനോട് ആവശ്യപ്പെട്ടത്;

(സി) പ്രസ്തുത സർവ്വെ പൂർത്തിയാക്കുവാൻ നടപടിയെടുക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 15 ലക്ഷം.

(സി) നിരീക്ഷണ പഠനങ്ങൾക്കുള്ള എസ്റ്റിമേറ്റ് ഗവൺമെന്റിന്റെ പരിഗണനയിലാണ്.

6 (436) മത്സ്യത്തൊഴിലാളി ക്ഷേമനിധി

ശ്രീ എം. മുരളി :

ഡോ. എം.എ. കുട്ടപ്പൻ :

ശ്രീ വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളി ക്ഷേമനിധിയിൽ എന്തു തുക കുടിശ്ശിക ആയി പിരിഞ്ഞുകിട്ടാനുണ്ട്;

(ബി) എന്തെല്ലാം വിഭാഗത്തിൽപ്പെട്ടവരിൽ നിന്നും എന്തു തുകവീതം പിരിഞ്ഞുകിട്ടാനുണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) ഏറ്റവും കൂടുതൽ കുടിശ്ശിക അടച്ചുതീർക്കാനുള്ളത് ആരാണ്;

(ഡി) കുടിശ്ശിക അടച്ചുതീർക്കുവാൻ എന്നുവരെ സാവകാശം കൊടുത്തിട്ടുണ്ട്;

(ഇ) അടയ്ക്കാനുള്ള കുടിശ്ശികയോടൊപ്പം അതാതുമാസത്തെ ക്ഷേമനിധി വിഹിതംകൂടി അടപ്പിക്കുവാൻ എന്തെല്ലാം ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്?

ഉത്തരം

(എ) 31.12.99-ൽ അസസ് ചെയ്ത കണക്കുപ്രകാരം 24.01 കോടി രൂപ പിരിഞ്ഞു കിട്ടാനുണ്ട്.

(ബി) :

1. മത്സ്യത്തൊഴിലാളികൾ	:	1,70,28,261
2. കയറ്റുമതിക്കാർ	:	20,65,95,214
3 മറ്റുകച്ചവടക്കാർ	:	13,08,324
4. വഞ്ചി, വള്ളം, ഉടമകൾ	:	31,58,310
5. ബോട്ടുടമകൾ	:	1,18,14,382
6. ചെമ്മീൻകെട്ട്/ഫാം ഉടമകൾ	:	1,46,671
ആകെ	:	24,00,51,162

LIBRARY ARCHIVES Kerala Legislative Assembly